**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2905** **13-10-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ പള്ളിപ്പുറത്ത് കുടിവെള്ള ടാങ്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കരുത്തലയിൽ ജല അതോറിറ്റിക്ക് സ്വന്തമായി സ്ഥലമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ കരുത്തലയിൽ ജല അതോറിറ്റിയ്ക്ക് സ്വന്തമായി സ്ഥലമുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു . വില്ലേജ് -പള്ളിപ്പുറം പഴയ സർവ്വേ നമ്പർ -571/8 റീ സർവ്വേ നമ്പർ-340/10 വിസ്തീർണ്ണം - 0.21 ഏക്കർ (0.084ഹെക്ടർ ) ഉടമസ്ഥാവകാശം<br>- അസി.എക്സി.എഞ്ചിനീയർ കേരള ജല അതോറിറ്റി, നോർത്ത് പറവൂർ |
| (ബി) | പ്രസ്തുത സ്ഥലത്ത് ജല അതോറിറ്റി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | വാട്ടർ അതോറിറ്റിയുടെ ബൂസ്റ്റിംഗ് സ്റ്റേഷൻ കരുത്തലയിൽ പ്രവർത്തിക്കുന്നുണ്ട് . നിലവിൽ ഈ സ്ഥലത്ത് കേരള വാട്ടർ അതോറിറ്റി പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (സി) | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം കണക്കിലെടുത്ത് പ്രസ്തുത സ്ഥലത്ത് കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഭാവിയിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ പ്രസ്തുത പദ്ധതിയുടെ ആവശ്യകത അനുസരിച്ച് ഈ സ്ഥലം പര്യാപ്തമാണെങ്കിൽ പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ